

വനിത
വീട്
ഏപ്രിൽ 2018 ₹ 40
VapocurePaints
PRESENTS
വീട്
ARCHITECTURE
AWARDS
2018
PAINTS
For your home
മേജർ രവിയുടെ
പുതിയ വീട്
ആരോഗ്യം കളയുന്ന
വീട്ടുശീലങ്ങൾ
സോളർ
പുതിയ ഉൽപന്നങ്ങൾ
ഓർഗാനിക്
ആർക്കിടെക്ചർ
പ്രകൃതിയെ കരുതുന്ന നിർമാണം



# പ്രകാശം പരത്തുന്ന ഇന്റീരിയർ

സിംഗപ്പൂരിൽ താമസമാക്കിയ ദമ്പതികൾക്ക് അവധിക്ക് എത്തുമ്പോഴും ജോലിയിൽ നിന്നു വിരമിച്ച ശേഷം വിശ്രമജീവിതം ആസ്വദിക്കാനും ഉള്ളതാണ് തൃശൂരിലെ ഈ ഫ്ലാറ്റ്. കന്റെംപ്രറി ശൈലിയിലാണ് 1500 ചതുരശ്രയടി വിസ്തീർണമുള്ള ഫ്ലാറ്റിന്റെ ഇന്റീരിയർ ഒരുക്കിയിട്ടുള്ളത്. മിതമായ അലങ്കാരങ്ങളാൽ ഡിസൈൻ ചെയ്ത ഇന്റീരിയർ ആരുടെയും മനം കവരും.

മിതമായ അലങ്കാരങ്ങളാൽ ഒരുക്കിയ ഫ്ലാറ്റ് ഇന്റീരിയർ. എൽഇഡി ലൈറ്റിങ് ചെയ്ത സീലിങ് ആണ് പ്രധാന ആകർഷണം.





**Project Facts**

**Area:** 1500 sqft

**Architects:**
അനൂപ് ചന്ദ്രൻ, മനീഷ
എമാക് ആർക്കിടെക്ട്സ്
തൃപ്രയാർ, തൃശൂർ
amacindia@gmail.com

**Location:**
മിഷൻ ക്വാർട്ടേഴ്സ്, തൃശൂർ

**Year of completion:**
ഡിസംബർ, 2017

## Living Room

ഫോയറും ലിവിങ് റൂമും തമ്മിൽ വേർതിരിക്കാൻ മൾട്ടിവുഡിൽ വിരലടയാളത്തിന്റെ ഡിസൈനിൽ സിഎൻസി കട്ടിങ് ചെയ്ത ജാളി വർക്ക് നൽകി. ഫോൾസ് സീലിങ്ങിന്റെ തുടർച്ചയായാണ് ഈ ജാളി വർക്ക് വരുന്നത്. ജിപ്സംകൊണ്ടുള്ള ഫോൾസ് സീലിങ് ഹണികോംബ് ഡിസൈനിൽ കട്ട് ചെയ്ത് ഉള്ളിൽ എൽഇഡി ലൈറ്റ് നൽകി. ലിവിങ്ങിന്റെ ഭാഗമായ ടിവി യൂണിറ്റിന്റെ ചുമരിൽ വോൾപേപ്പർ ഒട്ടിച്ചു. ഫോൾസ് സീലിങ് വഴി ബീമുകളെ വിദഗ്ധമായി മറച്ചു.







വലിയ ഹാളിന്റെ രണ്ടറ്റത്തായാണ് ലിവിങ്ങും ഡൈനിങ്ങും. എൽഇഡി ലൈറ്റിങ് ചെയ്ത ജിപ്സം ഫോൾസ് സീലിങ്ങാണ് ഊണുമുറിയിലെ പ്രധാന ആകർഷണം.

## Dining Room

മഹാഗണികൊണ്ട് പണിയിച്ച ഊണുമേശയാണ് ഡൈനിങ് റൂമിലെ താരം. ഊണുമുറിക്കും അടുക്കളയ്ക്കും ഇടയിൽ ഭക്ഷണം വിളമ്പി വയ്ക്കാൻ പാൻട്രി സ്പേസ് നൽകിയിട്ടുണ്ട്. ഊണുമുറിയിലും ഫോൾസ് സീലിങ് നൽകിയിട്ടുണ്ട്. ഡൈനിങ്ങിനോടു ചേർന്നുള്ള പൗഡർ റൂമിലാണ് വാഷ് ഏരിയ ക്രമീകരിച്ചിരിക്കുന്നത്. ഊണുമുറിയോടു ചേർന്ന് ബാൽക്കണിയുമുണ്ട്.



സുനിൽദീപും കുടുംബവും



## Kitchen

**കോൺക്രീറ്റ്** ഫിനിഷിലുള്ള ലാമിനേറ്റ്സ് കൊണ്ടാണ് അടുക്കളയുടെ കാബിനറ്റുകൾ. തറ വരെ മുട്ടാത്ത രീതിയിലുള്ള ഫ്ലോട്ടിങ് കാബിനറ്റുകളാണ് നൽകിയത്. ഇതു മുറി വൃത്തിയാക്കാനും കാബിനറ്റിൽ ഈർപ്പം തട്ടാതിരിക്കാനും സഹായിക്കുന്നു. ചാര, കറുപ്പ് നിറങ്ങളിലുള്ള അടുക്കളയുടെ കൗണ്ടർടോപ്പിന് ഗ്രാനൈറ്റ് ആണ്. 45 ഡിഗ്രി ചരിച്ച് ഡയഗനൽ ആയി ഒട്ടിച്ച ടൈലാണ് ബാക്ക്സ്പ്ലാഷിന്റെ ആകർഷണം.

"സ്ഥിരതാമസമില്ലാത്തതിനാൽ പരിചരിക്കാൻ എളുപ്പമുള്ള, മിതമായ അലങ്കാരങ്ങളാണ് നൽകിയിട്ടുള്ളത്. ഇന്റീരിയർ ഭംഗിയായതിന്റെ മുഴുവൻ ക്രെഡിറ്റും ആർക്കിടെക്ടിനാണ്.









കന്റെംപ്രറി ശൈലിയിലുള്ള ഇന്റീരിയറായിരുന്നു വീട്ടുകാരുടെ ആവശ്യം. അതിലേക്ക് ഫ്ലൂയിഡ് ഡിസൈൻ ഇണക്കിച്ചേർത്തു.

അനൂപ് –മനീഷ,
ആർക്കിടെക്ട് ടീം

## Bed Rooms

മൂന്നു കിടപ്പുമുറികളാണ് ഇവിടെ. പ്ലൈവുഡ് ലാമിനേറ്റ്സ് കൊണ്ടാണ് വാഡ്രോബ് പണിതത്. സ്ഥലം ലാഭിക്കാൻ സ്ലൈഡിങ് വാഡ്രോബുകളാണ് നൽകിയത്. കട്ടിലുകൾക്ക് സ്റ്റോറേജ് ഉണ്ട്. ഗെസ്റ്റ് ബെഡ്റൂമിൽ ഉയരമുള്ള കട്ടിലും മാസ്റ്റർ ബെഡ്റൂമിൽ ഉയരം കുറഞ്ഞ കട്ടിലും കൊടുത്തു. മാസ്റ്റർ ബെഡ്റൂമിന്റെ തറയിൽ തടിയുടെ ഫിനിഷിലുള്ള ടൈൽ നൽകി. അതിനോടിണങ്ങുന്ന വോൾപേപ്പർ ചുവരിൽ ഒട്ടിച്ചു. സ്റ്റഡി സ്പേസും മുറികളിൽ ക്രമീകരിച്ചിട്ടുണ്ട്. ഒരു കിടപ്പുമുറിയോടു ചേർന്ന് ബാൽക്കണിയുണ്ട്. ■